(*a*) the number of Anglo-Indians that have been entertained in the Corporation of Trivandrum City and the Municipalities of the State during the past five years;

(*b*) furnish names and details of salary?

Answer.

(*a*) Six.

(*b*)

1.	Sri Zita Fernandez	Rs. 45-5-75 with Dearness allowance.
2.	„ C. G. Netto	Rs. 15 with D.A.
3.	„ Reynold Angel	Rs. 25 „
4.	„ Hillario Razario	Rs. 30-45 „
5.	„ Joseph Aruja	Rs. 25-40 „
6.	Dr. G. M. Gosmao	Rs. 100-150 with D. A. plus conveyance allowance of Rs. 18 per mensem.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമകേന്ദ്രങ്ങൾ.

3. [7] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർതാലൂക്കിൽ എത്ര സാമൂഹ്യക്ഷേമകേന്ദ്രങ്ങളും സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളും ഉണ്ടെന്നു പറയുമോ ; എവിടൊക്കെയാണതു നടത്തുന്നത് ; ഓരോ കേന്ദ്രത്തിലേയും ആർഗനൈസർമാരാരെല്ലാം ;

(ബി) ഓരോ കേന്ദ്രത്തിനും എന്തു ഗ്രാൻറു വീതമാണ് നൽകുന്നത് ; ഓരോ കേന്ദ്രത്തിന്റെയും പ്രവർത്തനം സംബന്ധിച്ച് വിവരമെന്ത് ; പലയിടത്തെയും ഭക്ഷണം, പാൽ തുടങ്ങിയവയുടെ വിതരണം ശരിയായി നടക്കുന്നില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ ?

ഉത്തരം.

(എ) ഒരു സാമൂഹ്യക്ഷേമകേന്ദ്രവും നാലു സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളുമുണ്ട്. സാമൂഹ്യക്ഷേമകേന്ദ്രം അടൂരിലും സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾ തുരനാട്, അടൂർ, പള്ളിക്കൽ, പോരുവഴി എന്നീ സ്ഥലങ്ങളിലുമാണ് നടത്തുന്നത്.

ആർഗനൈസർമാർ.

അടൂർ സാമൂഹ്യക്ഷേമകേന്ദ്രം, ശ്രീമതി എം. മറിയാമ്മ.

തുരനാട് സാമൂഹ്യവിദ്യാഭ്യാസകേന്ദ്രം ശ്രീ. പി. എൻ. നാരായണപിള്ള.

അടൂർ	ടി	ശ്രീമതി പി. എം. സുസന്നാമ്മ.
പള്ളിക്കൽ	ടി	ശ്രീ. കെ. കെ. ഉണ്ണിത്താൻ.
പോരുവഴി	ടി	„ കെ. പരമേശ്വരൻപിള്ള.

(ബി) ഗവണ്മെൻറിൽനിന്നും ഈ കേന്ദ്രങ്ങൾക്ക് ഗ്രാൻറൊന്നും കൊടുക്കുന്നില്ല. സാമൂഹ്യക്ഷേമകേന്ദ്രത്തിൻറെ നടത്തിപ്പ് പ്രോജക്ററ് ഇംപ്ലിമെൻറിംഗ് കമ്മിറ്റി വഹിക്കുന്നു. പ്രോജക്ററ് ഇംപ്ലിമെൻറിംഗ് കമ്മിറ്റിയുടെ ചെലവിൽ 25 ശതമാനം ഗവൺമെൻറാണ് നികിവരുന്നത്. സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളിലെ ആർഗനൈസർമാർക്ക് ഗവണ്മെൻറ് ശമ്പളവും കണ്ടിൻജൻസി വക ചെലവുകൾക്ക് ഒരു സംഖ്യയും കൊടുക്കുന്നുണ്ട്.

സാമൂഹ്യക്ഷേമകേന്ദ്രം സ്ത്രീകളുടെയും കുട്ടികളുടേയും അംഗഹീനരുടെയും സാമൂഹ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾ വയോജനവിദ്യാഭ്യാസം ചെറുകിടവ്യവസായങ്ങളിൽ ജനങ്ങൾക്ക് പരിശീലനം നൽകുക മുതലായ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ഭക്ഷണം, പാർപ്പിടങ്ങിയവയുടെ വിതരണം ശരിയായി നടക്കുന്നില്ലെന്ന പരാതിയൊന്നും ലഭിച്ചിട്ടില്ല.

വ്യവസായങ്ങൾക്ക് വായ്പകൾ.

4. [8] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിൽ ഗവണ്മെൻറ് നേരിട്ടും അല്ലാതെയും ഏതെല്ലാം വ്യവസായങ്ങൾക്ക് വായ്പകൾ നൽകിയിട്ടുണ്ട്; എന്തു തുകകളാണ് വായ്പകൾ നൽകിയിട്ടുള്ളത്;

(ബി) തിരുവിതാംകൂർ-കൊച്ചി ഫിനാൻസ് കാർപ്പറേഷൻ, ട്രാവൻകൂർബാങ്ക് തുടങ്ങിയ അർദ്ധഗവണ്മെൻറ് സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഏതെങ്കിലും വ്യവസായങ്ങൾക്ക് വായ്പകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊക്കെല്ലാം; എന്തു തുകകൾവീതം;

(സി) ഇങ്ങനെ സർക്കാരിൽനിന്നും നേരിട്ടും, അല്ലാതെയും വായ്പകൾ കൊണ്ട പലിശയ്ക്കുവാങ്ങി കൂടിയ പലിശയ്ക്ക് വായ്പകൊടുത്തു എതെങ്കിലും വ്യവസായി ലാഭമടിക്കുന്നതായി ഗവണ്മെൻറിന് പരാതി കിട്ടിയിട്ടുണ്ടോ; അങ്ങനെ വായ്പ നൽകി വ്യവസായം വളർത്താനുള്ള പദ്ധതിയെ ആരെങ്കിലും ഒരുപയോഗപ്പെടുത്താതിരിക്കാൻ എന്തു രക്ഷാവ്യവസ്ഥയാണ് ഗവണ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം.

(എ) കൊണ്ടോട്ടി ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസിൻറെ തറക്കല്ലിടൽ ചടങ്ങ് ഗവണ്മെൻറ് ഏറ്റെടുത്തതിനെ തുടർന്ന് കമ്പനിക്ക് പ്രവർത്തന മൂലധനമായി ഒരു (45) ലക്ഷം രൂപ ഗവണ്മെൻറിൽനിന്നും നേരിട്ട സഹായധനം (വായ്പ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ട്രാവൻകൂർബാങ്കിൽനിന്നും കടമായിട്ടും മറ്റും 65 എണ്ണങ്ങളിലായി 217 ലക്ഷത്തോളം രൂപയും, ഫിനാൻസ് കാർപ്പറേഷനിൽനിന്നും 9 കടങ്ങൾക്കായി 3,25,000 രൂപയും, 1-1-1955 തുടങ്ങി 30-6-1955 അവസാനിക്കുന്ന അഞ്ചുവർഷത്തിനുള്ളിൽ കൊടുത്തിട്ടുണ്ട്. കടം വാങ്ങിച്ച ആളുകളുടെയോ, സ്ഥാപനങ്ങളുടെയോ പേരുവിവരങ്ങൾ ട്രാവൻകൂർ ബാങ്കിനെയും, ഫിനാൻസ് കാർപ്പറേഷനെയും സംബന്ധിച്ചിടത്തോളം പ്രസിദ്ധപ്പെടുത്താൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly